86

# "ഞാൻ യേശുവിനെ എന്തു ചെയ്യും"

**വായനാഭാഗം #37**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).

H. വെള്ളി: യേശുവിന്റെ മരണ ദിവസം (തുടർച്ച).

5. പത്രൊസ് തള്ളിപ്പറയുന്നു (മത്താ. 26:58, 69–75; മർക്കൊ. 14:54, 66–72; ലൂക്കൊ. 22:54–62; യോഹ. 18:15–18, 25–27).
6. യെഹൂദ "വിചാരണ" (മൂന്നാം രംഗം) ന്യായാധിപസഭ മരണവിധി നടത്തുന്നു (മത്തായി 27:1, 2; മർക്കൊ. 15:1; ലൂക്കൊ. 22:66–23:1; യോഹ. 18:28).
7. റോമൻ വിചാരണ:
   a. രംഗം. ഒന്ന്:പിലാത്തൊസിന്റെ മുമ്പിൽ (നിരപരാധിയായി കണ്ടു) (മത്താ. 27:11–14; മർക്കൊ. 15:2–5; ലുക്കൊ. 23:2–7; യോഹ. 18:28–38).

**മുഖവുര**

ഈ പാഠത്തിൽ,[1] നാം യേശുവിന്റെ വിചാരണയെ കുറിച്ചുള്ള പഠനം തുടരുകയാണ്. പിലാത്തൊസിന്റെ മുമ്പിൽ ക്രിസ്തുവിനെ വിചാരണ ചെയ്യുന്നതിനിടയിൽ, നാടുവാഴി പുരുഷാരത്തോട് ചോദിച്ചു, "ക്രിസ്തു എന്നു വിളിക്കുന്ന യേശുവിനെ എന്തു ചെയ്യേണം?" (മത്തായി 27:22). ആ ചോദ്യം ആദ്യം കേട്ടപ്പോൾ പ്രസക്തിയുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. യേശുവിനെ കുറിച്ച് പഠിക്കുന്ന എല്ലാവരും ആ ചോദ്യത്തിന് ഉത്തരം നല്കേണ്ടതായിട്ടുണ്ട്.

ആ ചോദ്യത്തോട് എങ്ങനെ ചിലർ പ്രതികരിച്ചു എന്ന് നാം കണ്ടുകഴിഞ്ഞതാണ്. ഉദാഹരണത്തിന്, യൂദാ, ഫലത്തിൽ പറഞ്ഞു, "ഞാൻ അവനെ വിൽക്കും." ഇന്ന്, കർത്താവിനെ "വിൽക്കുന്ന" കുറ്റമുള്ളവരാണ്[2] – സ്വാർത്ഥലക്ഷ്യമായ, പ്രസിദ്ധിക്കും, സുഖത്തിനും, അല്ലെങ്കിൽ സമ്പാദ്യത്തിനും. ചിലർ മുപ്പതു വെള്ളിക്കാശിൽ താഴെയുള്ള വിലക്ക് കർത്താവിനെ "വിറ്റു" കളഞ്ഞിരിക്കയാണ്!

യേശുവിന്റെ വിചാരണയെ കുറിച്ച് നാം തുടർച്ചയായി പരിശോധിക്കുമ്പോൾ, സമയാസമയങ്ങളിൽ, "യേശുവിനെ ഞാൻ എന്തു ചെയ്യും?" എന്ന ചോദ്യത്തോട് ആളുകൾ എങ്ങനെ പ്രതികരിച്ചു എന്ന് ഞാൻ പറയുന്നതാണ്. എന്റെ ലക്ഷ്യം ഓരോ വ്യക്തിയേയും "കർത്താവിനെ ഞാൻ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് ഉത്തരം നൽകേണ്ട വെല്ലുവിളി ഉയർത്തുക എന്നതാണ്.

## പത്രൊസിന്റെ തള്ളിപ്പറയൽ
### (മത്താ. 26:56-58, 69-75; മർക്കൊ. 14:54, 66-72; ലൂക്കൊ. 22:54-62; യോഹ. 18:15-18, 25-27)

തോട്ടത്തിലെ യേശുവിന്റെ പ്രാർത്ഥനയെ കുറിച്ചാണ്, കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചത്. അവന്റെ അറസ്റ്റും യെഹൂദ "വിചാരണ" യുടെ ആദ്യഘട്ടവും. ഈ പാഠം തുടങ്ങുമ്പോൾ, യേശുവിനെ അറസ്റ്റു ചെയ്യുന്ന സമയത്തേക്ക് നമുക്ക് മടങ്ങി വരേണ്ടതായിട്ടുണ്ട്.

ക്രിസ്തുവിനെ അറസ്റ്റ് ചെയ്തപ്പോൾ, "ശിഷ്യന്മാരെല്ലാം അവനെ വിട്ട് ഓടി പോയി" (മത്തായി 26:56). എങ്ങനെയായാലും, യേശുവിനെ പിടിച്ചു കൊണ്ടു പോയപ്പോൾ, മഹാപുരോഹിതന്റെ വീട്ടിൽ ആ പ്രദക്ഷിണം എത്തുന്നതുവരെ, പത്രൊസും യോഹന്നാനും[3] ദൂരെ മാറി പൊയ്ക്കൊണ്ടിരുന്നു[4] (മർക്കൊസ് 14:54; യോഹന്നാൻ 18:15; ലൂക്കൊസ് 22:54). യോഹന്നാനെ മഹാപുരോഹിതന്റെ ഭവനക്കാർക്ക് [5] പരിചയമുണ്ടായിരുന്നതുകൊണ്ട് അവനെ മുറ്റത്തേക്ക് പ്രവേശിക്കുവാൻ അനുവദിച്ചു (യോഹന്നാൻ 18:15). ന്യായാധിപസഭ സമ്മേളിക്കുന്നതിന്റെ തൊട്ടുതാഴെയായിരുന്നു മുറ്റം (മർക്കൊസ് 14:65, 66 നോക്കുക). യോഹന്നാന്റെ സ്വാധീനം മൂലം പത്രൊസിനെയും മുറ്റത്തേക്ക് കടക്കുവാൻ അനുവദിച്ചു (യോഹന്നാൻ 18:16, 17 നോക്കുക).[6]

ശൈത്യത്തെ അതിജീവിക്കുവാനായി മുറ്റത്തിന്റെ മദ്ധ്യത്തിൽ തീ കൂട്ടിയിരുന്നു (യോഹന്നാൻ 18:18; ലൂക്കൊസ് 22:55). അവൻ അവരുടെ പക്ഷത്താണെന്ന നാട്യത്തിലിരുന്നു. "അവന് എന്തു സംഭവിക്കുമെന്നറിയുവാനായി" പത്രൊസ് താഴെ തീ കാഞ്ഞുകൊണ്ടിരുന്നു[7] (മത്തായി 26:58). തീ കാഞ്ഞുകൊണ്ടിരുന്നവരിൽ തന്റെ യജമാനനെ അറസ്റ്റു ചെയ്ത "ഭൃത്യന്മാരും" ഉണ്ടായിരുന്നു (മർക്കൊസ് 14:54; യോഹന്നാൻ 18:18).

മുൻപ് വൈകുന്നേരം, ശിഷ്യന്മാർ ഇടറി പോകുമെന്ന് യേശു മുന്നറിയിച്ചിരുന്നു (മത്തായി 26:31). പത്രൊസ് അതു നിഷേധിച്ചിരുന്നു, "എല്ലാവരും നിങ്കൽ ഇടറിയാലും, ഞാൻ ഒരു നാളും ഇടറുകയില്ല" (മത്തായി 26:33). കർത്താവ് ഖേദത്തോടെ പറഞ്ഞു, "ഈ രാത്രിയിൽ കോഴി കൂകുന്നതിനു[8] മുൻപ് മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് ഞാൻ സത്യമായിട്ട് നിന്നോട് പറയുന്നു" (മത്തായി 26:34).

ഒന്നാമത്തെ തള്ളിപ്പറയൽ അധികം താമസിക്കാതെ സംഭവിച്ചു.[9] പത്രൊസിനെ പ്രവേശിപ്പിക്കുവാൻ അനുവദിച്ചവരിൽപെട്ട് ഒരു ബാല്യക്കാരത്തി പത്രൊസിന്റെ അടുക്കൽ വന്നു പറഞ്ഞു, "നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരുത്തനോ?" (യോഹന്നാൻ 18:17). അവൻ യോഹന്നാന്റെ കൂടെയായിരുന്നതുകൊണ്ടാകാം അവൾക്ക് സംശയമുണ്ടാകുവാൻ കാരണം. പത്രൊസ് പെട്ടെന്ന് മറുപടി പറഞ്ഞു, "അല്ല." (യോഹന്നാൻ 18:17), എന്നാൽ അത് അവളെ തൃപ്തയാക്കിയില്ല. "അവൾ പത്രൊസിനെ ഉറ്റുനോക്കി," (ലൂക്കൊസ് 22:56), തീ കാഞ്ഞിരുന്നവരോട് അവൾ പറഞ്ഞു, "ഇവനും അവനോടുകൂടെ ആയിരുന്നു" (ലൂക്കൊസ് 22:56). അവൾ അപ്പൊസ്തലനോട് പറഞ്ഞു, "നീയും ആ നസറായനായ യേശുവിനോടുകൂടെ ആയിരുന്നു" (മർക്കൊസ് 14:67; മത്തായി 26:69 നോക്കുക). "എന്നാൽ അവൻ എല്ലാവരും കേൾക്കെ തള്ളിപ്പറഞ്ഞു" (മത്തായി 26:70). "സ്ത്രീയേ, ഞാൻ അവനെ അറിയുന്നില്ല, നീ പറയുന്നത് എന്താണെന്ന് എനിക്ക് തിരിയുന്നില്ല" (ലൂക്കൊസ് 22:57; മർക്കൊസ് 14:68).

അപ്പൊസ്തലൻ തീ കായുന്ന സ്ഥലത്തുനിന്ന് പടിപ്പുരയിലേക്ക് പുറപ്പെട്ടു (മത്തായി 26:71), അവിടെ പടിപ്പുരയുടെ നിഴലിൽ അവനു നിൽക്കുവാൻ കഴിഞ്ഞിരുന്നു[10] (മർക്കൊസ് 14:68).[11] എങ്ങനെയായാലും, ആ യുവതി അവനെ അനുഗമിച്ച് അടുത്തുനിന്നവരോട് പറഞ്ഞു, "ഇവൻ ആ കൂട്ടത്തിൽ ഉള്ളവൻ തന്നെ" (മർക്കൊസ് 14:69). വേറൊരു ബാല്യക്കാരത്തി അതിനോട് യോജിച്ചു: "ഈ മനുഷ്യൻ നസറായനായ യേശുവിനോടുകൂടെ ആയിരുന്നു" (മത്തായി 26:71; ലൂക്കൊസ് 22:58 നോക്കുക). "അവൻ വീണ്ടും ആണയോടെ തള്ളിപ്പറഞ്ഞു, [12]'ഞാൻ ആ മനുഷ്യനെ അറിയുന്നില്ല'" (മത്തായി 26:72; ലൂക്കൊസ് 22:58 നോക്കുക). അതു രണ്ടാമത്തെ തള്ളിപ്പറയലായിരുന്നു.

"പത്രൊസ് എന്തുകൊണ്ട് തള്ളിപ്പറഞ്ഞു?" എന്ന് നാം നിന്ന് ചോദിക്കണം. മുക്കുവനെ എളുപ്പത്തിൽ ഭിഷണിപ്പെടുത്താവുന്നതല്ല. തന്റെ ധൈര്യം തോട്ടത്തിൽ അവൻ കാണിച്ചതാണ്. മുറ്റം വരെ വരുവാനുള്ള ധീരത (അല്ലെങ്കിൽ ബുദ്ധിശൂന്യമായ ധീരത) അവൻ പ്രദർശിപ്പിക്കയുണ്ടായി, അവിടെ ചുറ്റും യേശുവിന്റെ ശത്രുക്കളായിരുന്നു. തീർച്ചയോടെ നമുക്ക് അതിന് ഉത്തരം നൽകുവാൻ സാധ്യമല്ല, എന്നാൽ ഇതു പരിഗണിക്കുക: പത്രൊസ് പരിഭ്രമത്തിലെത്തിയിരുന്നു; അവൻ സംശയവുമായി മല്ലിടുകയായിരുന്നേക്കാം. കാരണം, മശിഹയെ കുറിച്ചുള്ള അവന്റെ മുൻവിധി ആശയത്തോട് അവന്റെ അറസ്റ്റും, വിചാരണയും, മരണത്തിന് ഏല്പിക്കുന്നതും യോജിക്കുന്നില്ല (മത്തായി 16:22). മറ്റൊന്ന്, തന്റെ വാൾ ഉപയോഗിക്കുവാൻ യജമാനൻ അനുവദിക്കാതിരുന്നതെന്തുകൊണ്ടാണെന്നും അവനു മനസിലായില്ലായിരിക്കാം (മത്തായി 26:52). സ്വയം–ഉറപ്പിക്കുന്ന ആ മനുഷ്യൻ മുറ്റത്ത് എത്തിയപ്പോഴേക്കും വഴങ്ങുന്നവനായി, വളരെ വഴങ്ങുന്നവനായി തീർന്നിരിക്കാം.[13]

അപ്പൊസ്തലൻ ഒറ്റക്കായിട്ട് ഏകദേശം ഒരു മണിക്കൂറോളമായി, എന്നാൽ പിന്നീട്, "ഒരു മണി നേരം കഴിഞ്ഞ്, വേറൊരുവൻ, ഇവനും അവനോടുകൂടെ ആയിരുന്നു സത്യം, ഇവൻ ഗലീലക്കാരനല്ലോ എന്ന് നിഷ്ക്കർഷിച്ചു പറഞ്ഞു" (ലൂക്കൊസ് 22:59, 60). അടുത്തു നിന്നിരുന്ന ചിലരും അതിനോട് യോജിച്ചു: "നീയും അവരുടെ കൂട്ടത്തിലുള്ളവൻ സത്യം, നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലൊ" (മത്തായി 26:73). ഗലീലക്കാരുടെ ഉച്ചാരണം പ്രത്യേകതയുള്ളതായിരുന്നു: അവർ സംസാരിക്കുന്ന പല വാക്കുകളും അസ്പഷ്ടമായിരിക്കുന്നതിനുപുറമെ, പല അക്ഷരങ്ങളും ഒരുപോലെയുള്ളതും, മറ്റുള്ളവർ പറയാത്തവയുമാണ്. അവിടെ വന്നവരിൽ മൽക്കൊസിന്റെ ഒരു ബന്ധുവും ഉണ്ടായിരുന്നു (യോഹന്നാൻ 18:10 നോക്കുക). അവൻ പറഞ്ഞു, "ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടില്ലയോ?" (യോഹന്നാൻ 18:26). പത്രൊസ്, "'ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പ്രാകുവാനും ആണയിടുവാനും തുടങ്ങി'" (മത്തായി 26:74). എൻഐവിയിൽ "അവൻ തന്നെ ശപിക്കുവാനും അവരോട് ആണയിടുവാനും തുടങ്ങി" എന്നാണ്. അതു മൂന്നാമത്തെ തള്ളിപ്പറയൽ.

"ഉടനെ അവൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ കോഴി കൂകി"[14] (ലൂക്കൊസ് 22:60; മത്തായി 26:74; യോഹന്നാൻ 18:27) – യേശു മുന്നറിയിച്ചതുപോലെ സംഭവിച്ചു. ആ സമയത്ത്, "കർത്താവ് തിരിഞ്ഞ്, പത്രൊസിനെ നോക്കി" (ലൂക്കൊസ് 22:61). യേശു ജനലിൽകൂടെ ആയിരിക്കാം താഴേക്ക്

നോക്കിയത്. ഒരുപക്ഷെ അവനെ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുമ്പാഴാകാം. അവൻ മുറ്റത്തുകൂടെ കടന്നുപോകുമ്പോഴായിരിക്കാം അവൻ തിരിഞ്ഞ് അപ്പൊസ്തലനെ നോക്കിയത്. കർത്താവിന്റെ നോട്ടം നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ടോ? അത് എത്രമാത്രം വികാരം ജനിപ്പിച്ചിരിക്കും: ദുഃഖം, തർജനം ... കൂടാതെ സ്നേഹവും, സ്നേഹം എപ്പോഴുമുണ്ട്! യേശു പത്രൊസിനെ നോക്കിയപ്പോൾ "ഇന്നു കോഴി കൂകുംമുൻപ് മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു കർത്താവ് തന്നോട് പറഞ്ഞ വാക്ക് പത്രൊസ് ഓർത്തു പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു" (ലൂക്കൊസ് 22:61, 62). ചുടേ–റ്റ അവന്റെ കവിളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി.

"യേശുവിനെ എന്തു ചെയ്യും?" എന്ന ചോദ്യത്തിനുത്തരമായി, എപ്പോഴെങ്കിലും നാം അവനെ "തള്ളിപ്പറയും" എന്നു പറഞ്ഞിട്ടുണ്ടോ? കർത്താവിനു വേണ്ടി സംസാരിക്കുകയും – വചനത്തെ എടുത്തു പറയേണ്ടതുമായ സമയത്ത് – നാം നിശബ്ദത പാലിച്ച് സുരക്ഷിതത്വം കണ്ടെത്തുന്നവരായി എപ്പോഴെങ്കിലും തീർന്നിട്ടുണ്ടോ?[16] അത് ഒരിക്കലും സംഭവിക്കയില്ല എന്ന് വിചാരിക്കരുത്; പത്രൊസിന് വീഴ്ച്ച സംഭവിച്ചുവെങ്കിൽ, നമുക്കും സംഭവിക്കാം (1 കൊരിന്ത്യർ 10:12 നോക്കുക).

### ന്യായാധിപസഭയുടെ കുറ്റാരോപണം
### (മത്താ. 27:1, 2; മർക്കൊ. 15:1; ലൂക്കൊ. 22:66-23:1)

ഇനി നമുക്ക് യേശുവിന്റെ വിചാരണാ വിവരണങ്ങളിലേക്ക് തിരിച്ചുവരാം. നാം അങ്ങനെ ചെയ്യുമ്പോൾ, "യേശുവിനെ നാം എന്തു ചെയ്യും?" എന്ന ചോദ്യത്തിന് നാം മറ്റൊരു ഉത്തരം കണ്ടെത്തും. ഫലത്തിൽ, ന്യായാധിപസഭ പറഞ്ഞു, "നാം അവനെ കുറ്റം ചുമത്തും!"

ന്യായാധിപസഭയുടെ രാത്രി ചേരൽ നിയമവിരുദ്ധമല്ലെങ്കിൽ, ക്രമരഹിതമായിരുന്നു.[17] പുതിയ ഒരു ദിവസം വരുവാനിരിക്കുന്നതുകൊണ്ട് (മർക്കൊസ് 15:1; ലൂക്കൊസ് 22:66 നോക്കുക), യേശുവിനെ ന്യായാധിപസംഘത്തിന് മുമ്പാകെ "ഔദ്യോഗിക" സമ്മേളനത്തിന് കൊണ്ടുപോയി[18] (ലൂക്കൊസ് 22:66).

ന്യായാധിപസഭയിലെ അംഗങ്ങൾക്ക്[19] രണ്ട്–വിധത്തിലുള്ള ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. ഒന്നാമത്, അവർ രാത്രിയിൽ മരണശിക്ഷ വിധിച്ചതിന് ഔപചാരികത ഉറപ്പിക്കണമായിരുന്നു. അവർ വീണ്ടും യേശുവിനോട് ചോദിച്ചു, "നീ ക്രിസ്തു തന്നെയോ? ഞങ്ങളോട് പറക" (ലൂക്കൊസ് 22:67; മത്തായി 26:63 നോക്കുക). അവൻ മറുപടി പറഞ്ഞു, "ഞാൻ നിങ്ങളോട് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല, ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം പറകയുമില്ല"[20] (ലൂക്കൊസ് 22:67, 68). എൽബിയിലെ സമാന്തരപ്രയോഗം "... നിങ്ങൾ എന്നെ വിശ്വസിക്കുകയില്ല, അല്ലെങ്കിൽ എന്റെ കാര്യം ഞാൻ പറഞ്ഞേനെ." എങ്ങനെയായാലും, പിന്നെ, യേശു തന്നെ മശിഹയായി "മനുഷ്യപുത്രൻ" എന്ന് പറയുന്നുണ്ട് (ലൂക്കൊസ് 22:69).[21] ദൈവമെന്ന യേശുവിന്റെ അവകാശവാദത്തിന്മേൽ ന്യായാധിപസഭാംഗങ്ങൾ ചാടിവീണു: "എന്നാൽ നീ ദൈവത്തിന്റെ പുത്രൻ തന്നെയോ?" (ലൂക്കൊസ് 22:70). "അതെ, ഞാൻ ആകുന്നു" എന്ന് അവൻ ഉത്തരം പറഞ്ഞു[22] (ലൂക്കൊസ് 22:70). അത്യുച്ചത്തിൽ പ്രസരിപ്പോടെ അവർ ഘോഷിച്ചു, "ഇനി സാക്ഷ്യം[23]

കൊണ്ട് എന്ത് ആവശ്യം? നാം തന്നെ അവന്റെ വാമൊഴി കേട്ടുവല്ലൊ" (ലൂക്കൊസ് 22:71).

രണ്ടാമത്തെ കാര്യം കൂടെ സ്ഥാപിക്കയുണ്ടായി.[24] ദൈവദൂഷണം എന്ന കുറ്റം ചുമത്തി അവർ യേശുവിന് മരണശിക്ഷ വിധിച്ചു (മത്തായി 26:65, 66), എന്നാൽ അവർക്ക് തന്നെ അവന് നിയമപരമായി മരണശിക്ഷ നടപ്പാക്കുവാൻ കഴിഞ്ഞില്ല (യോഹന്നാൻ 18:31).[25] ദൈവദൂഷണം എന്ന മതപരമായ കുറ്റാരോപണം റോമൻ നാടുവാഴിക്ക് ഒന്നുമല്ലായിരുന്നു, അതുകൊണ്ട് ഉദ്യോഗസ്ഥരെ തൃപ്തിപ്പെടുത്തുന്ന രാഷ്ട്രീയ കുറ്റം അവനിൽ ചുമത്തേണ്ടിയിരുന്നു. അവർ അതു ചെയ്തശേഷം (ലൂക്കൊസ് 23:2 നോക്കുക), "ന്യായാധിപസംഘം മുഴുവനും എഴുന്നേറ്റ്," "അവനെ ബന്ധിച്ച് കൊണ്ടുപോയി നാടുവാഴിയായ പിലാത്തൊസിനെ ഏല്പിച്ചു" (ലൂക്കൊസ് 23:1; മത്തായി 27:2).[26]

"ഞങ്ങൾ അവനിൽ കുറ്റം ചുമത്തും" എന്ന ന്യായാധിപസഭയുടെ ഉത്തരം ഇന്നും ഖേദത്തൊടെ കേൾക്കുന്നു. ന്യായാധിപസംഘത്തിലെ അന്നത്തെ അംഗങ്ങളേപോലെ, ഇന്ന് ചിലർ യേശു ദൈവപുത്രനാണെന്ന തെളിവുകളെ ഗൗരവമായി എടുക്കുന്നില്ല. ബൈബിളിലെ അവന്റെ ജീവിതത്തെ കുറിച്ചുള്ള എല്ലാ വസ്തുതകളും അവർ തള്ളിക്കളഞ്ഞ്, അവനെ വിവരിക്കാത്തതും, വിദ്യാഭ്യാസമില്ലാത്തവനും, ദരിദ്രനും, അലഞ്ഞുതിരിഞ്ഞു നടക്കുന്നവനുമായ ഒരു ഗലീലക്കാരൻ ഉപദേഷ്ടാവ് എന്ന നിലയിൽ കണ്ടു. സംശയാലുക്കൾ തള്ളിക്കളഞ്ഞ ബൈബിളിലെ അത്ഭുതങ്ങളേക്കാൾ വലിയ അത്ഭുതമാണ് നിറമില്ലാത്ത സ്വഭാവത്തിന് ചരിത്രത്തിന്റെ തന്നെ ഗതിയെ മാറ്റുൻ കഴിഞ്ഞത് എന്ന് ആരോ പറയുകയുണ്ടായി! "ഞാൻ അവനെ കുറ്റം ചുമത്തും" എന്ന് നമ്മിൽ ആരും പറയാതിരിക്കേണ്ടതിന് യേശു ദൈവപുത്രനാണെന്ന് നമുക്ക് എല്ലാവർക്കും സ്വീകരിക്കാം.

### പിലാത്തൊസിന്റെ വൈഷമ്യം
### (മത്താ. 27:11-14; മർക്കൊ. 15:2-5; ലൂക്കൊ. 23:1-7; യോഹ. 18:28-38)

ന്യായാധിപസഭയുടെ പ്രതിനിധികൾ യേശുവിനെ "പിലാത്തൊസിന്ന് മുമ്പിൽ" എല്പിച്ചുകൊടുത്തു (ലൂക്കൊസ് 23:1). യെഹൂദ്യയുടേയും ശമര്യയുടേയും അന്നത്തെ നാടുവാഴിയായിരുന്നു പൊന്തിയൊസ് പിലാത്തൊസ് (ലൂക്കൊസ് 3:1).[27] സമാധാനം നിലനിർത്തുകയും റോമിനുവേണ്ടി നികുതി പിരിക്കുകയും ചെയ്യുക എന്നതായിരുന്നു ഒരു നാടുവാഴിയുടെ പ്രാഥമിക കർത്തവ്യങ്ങൾ. അത്ര താല്പര്യപ്പെടാത്ത മറ്റൊരു കടമയുണ്ടായിരുന്നത്, "ജനങ്ങളുടെ ഗവൺമെന്റ് – ഇക്കാര്യത്തിൽ ന്യായാധിപസഭ മരണശിക്ഷ വിധിച്ച് കൊണ്ടുവന്നാൽ അതിന് അംഗീകാരം നല്കി നടപ്പാക്കുക എന്നതായിരുന്നു."[28]

"ആസ്ഥാനം എന്നു വിളിക്കുന്ന പിലാത്തൊസിന്റെ[29] യെരുശലേമിലെ ഹെഡ്ക്വാർട്ടേഴ്സിലേക്ക് യേശുവിനെ അവർ പുലർച്ചെ തന്നെ കൊണ്ടുപോയി"[30] (യോഹന്നാൻ 18:28). ലാറ്റിനിൽ നിന്നെടുത്തതും ഗ്രീക്ക് പദം മാറ്റി ഉപയോഗിച്ചതുമായ വാക്കാണ് "ആസ്ഥാനം." ഒരു പ്രത്യേക പ്രദേശത്തുള്ള റോമൻ നാടുവാഴിയുടെ ഔദ്യോഗിക താമസസ്ഥലത്തെയാണ് അതു സൂചി

പ്പിക്കുന്നത്. (പ്രവൃത്തികൾ 23:35 നോക്കുക). ദൈവശ്വാസീയമല്ലാത്ത പാര മ്പര്യം പറയുന്നത്, യെരുശലേമിലെ ആസ്ഥാനം സ്ഥിതി ചെയ്തിരുന്നത് ദൈവാലയ സമുച്ചയത്തിന്റെ[31] വടക്ക് പടിഞ്ഞാറെ മൂലയിലുള്ള അന്റോ ണിയ കാസിലിൽ ആയിരുന്നു (അതിനെ ഫോർട്രെസ് അന്റോണിയാ എന്നും അറിയപ്പെട്ടിരുന്നു). പിലാത്തൊസ് നഗരത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള മഹാ നായിരുന്ന ഹെരോദാവിന്റെ കൊട്ടാരത്തിലായിരുന്നു താമസം എന്നു ഇന്ന് ചിലർ വിശ്വസിക്കുന്നുണ്ട്,[32] എന്നാൽ മറ്റുള്ളവർ ഇഷ്ടപ്പെടുന്നത് പരമ്പരാ ഗത സ്ഥാനമാണ്. ബാസ്റ്റിയാൻ വാൻഎൽഡെറെൻ നിരീക്ഷിച്ചത്, "സംഘർഷസാഹചര്യം പിലാത്തൊസിനെ ദൈവാലയത്തിനടുത്ത് തന്നെ ഉണ്ടാകുവാൻ ആവശ്യപ്പെട്ടിരിക്കാം. കാരണം പെസഹാ പെരുന്നാളിന്റെ ആഘോഷ കേന്ദ്രം അവിടെയാണല്ലൊ. യേശുവിന്റെ വിചാരണ [ക്ക്] പിലാ ത്തൊസ് അന്റോണിയാ ഫോർട്രെസിൽ ഉണ്ടാകണമെന്ന് ഇഷ്ടക്കാ [ർ] താൽപര്യപ്പെട്ടു."[33]

ആസ്ഥാനം ജാതികളുടെ സ്ഥാനമായിരുന്നു; "യെഹൂദാധികാരികൾ അശുദ്ധരാകാതിരിപ്പാൻ ആസ്ഥാനത്തു പ്രവേശിച്ചിരുന്നില്ല."[34] എന്നാൽ മാത്രമേ അവർക്ക് പെസഹാ ഭക്ഷിക്കുവാൻ കഴിഞ്ഞിരുന്നുള്ളു (യോഹന്നാൻ 18:28). "പെസഹാ അത്താഴം" അവർ മുൻപ് കഴിച്ചിരുന്നതു കൊണ്ട് (മത്തായി 26:17–19; മർക്കൊസ് 14:12, 14, 16; ലൂക്കൊസ് 22:8, 11, 13, 15). എട്ടു ദിവസത്തെ പെരുന്നാളിലെ മറ്റു ഭക്ഷണമായിരിക്കാം ഇവിടെ "പെസഹ" എന്ന് പറഞ്ഞിരിക്കുന്നത്.[35] നിരപരാധിയായ ഒരാളെ മരണശി ക്ഷക്ക് ഏല്പിക്കുവാൻ കപടഭക്തിക്കാരായ അദ്ധ്യക്ഷന്മാർക്ക് മടിയുണ്ടാ യിരുന്നില്ല, എന്നാൽ "ആഘോഷം അശുദ്ധമാക്കുന്ന" സാഹസം അവർ എടുക്കുകയില്ല (യോഹന്നാൻ 18:28; എൻഐവി).

യെഹൂദനായകന്മാർ ഒരു തടവുകാരനെ പിടിച്ചുകൊണ്ടുവന്നിരിക്കുന്നു എന്ന് പിലാത്തൊസ് കേട്ടപ്പോൾ, അവൻ പുറത്ത് ചെന്ന് അവരോട് ചോദി ച്ചു, "ഈ മനുഷ്യന്റെ നേരെ എന്തു കുറ്റം ബോധിപ്പിക്കുന്നു?" (യോഹന്നാൻ 18:29).[36] തങ്ങൾ ആവശ്യപ്പെടുന്നതുകൊണ്ട് യേശുവിന് മരണശിക്ഷ നട പ്പാക്കണമെന്നാണ് അവർ നാടുവാഴിയോട് ആവശ്യപ്പെട്ടത് (യോഹന്നാൻ 18:30). യെഹൂദന്മാരോട് സഹകരിക്കുവാൻ പിലാത്തൊസിന്ന് താല്പര്യമാ യിരുന്നു, പക്ഷെ അത് അവനിൽനിന്ന് അധികം ആവശ്യപ്പെടുന്ന ഒന്നായി രുന്നു. "നിങ്ങൾ അവനെ കൊണ്ടുപോയി നിങ്ങളുടെ ന്യായപ്രമാണപ്രകാരം വിധിപ്പിൻ" എന്ന് പിലാത്തൊസ് കൈ ഉയർത്തി പറയുന്നതു എനിക്ക് കാണു വാൻ കഴിയുന്നുണ്ട് (യോഹന്നാൻ 18:31).

തങ്ങൾ യേശുവിനെ എന്തുകൊണ്ടാണ് ഇവിടേക്ക് കൊണ്ടുവന്നതെന്ന് അദ്ധ്യക്ഷന്മാർ ഉടനെ പറഞ്ഞു, "മരണശിക്ഷക്കുള്ള അധികാരം ഞങ്ങൾക്കി ല്ലല്ലൊ" (യോഹന്നാൻ 18:31). യെഹൂദന്മാർക്ക് ചില ആനുകൂല്യങ്ങൾ അനു വദിച്ചിരുന്നു,[37] പക്ഷെ "ജീവന്റേയും മരണത്തിന്റേയും അധികാരം റോമൻ ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്നു."[38] തന്റെ മരണവിധം എങ്ങനെയാ യിരിക്കുമെന്ന് യേശു പറഞ്ഞ വാക്കുകളുടെ നിവർത്തീകരണമായി യോഹ ന്നാൻ ഇതിനെ സൂചിപ്പിക്കുന്നു (യോഹന്നാൻ 18:32). യെഹൂദന്മാരുടെ മര ണശിക്ഷ കല്ലെറിഞ്ഞുകൊണ്ടുള്ളതായിരുന്നു (പ്രവൃത്തികൾ 7:58), എന്നാൽ റോമാക്കാരുടേത് ക്രൂശിൽ തറെക്കുന്നതുമായിരുന്നു. ന്യായാധിപസഭ യേശു വിനെ പിലാത്തൊസിന്റെ കയ്യിൽ ഏല്പിച്ചപ്പോൾ, താൻ ജാതികളുടെ

കയ്യാൽ ക്രൂശിൽ തറെക്കപ്പെടുമെന്ന മുന്നറിയിപ്പു നിറവേറുകയായിരുന്നു (യോഹന്നാൻ 12:32–34; മത്തായി 20:18, 19; മർക്കൊസ് 10:33, 34 നോക്കുക).

"മരണം" എന്ന വാക്ക് ഗവർണ്ണറുടെ ശ്രദ്ധ പിടിച്ചുപറ്റി, ഇതു പരമാവധി ശിക്ഷക്കുള്ള കേസാണ്. ക്രിസ്തുവിനെ അവൻ നന്നായി ഉറ്റു നോക്കുന്നതു എനിക്കു കാണാം. യേശുവിനെ കുറിച്ച് നാടുവാഴി കേട്ടിരിക്കാം.[39] യേശുവിന്റെ ഭൗമിക ശുശ്രൂഷക്കിടയിൽ, യെഹൂദ്യയിൽ (പിലാത്തൊസിന്റെ പ്രവിശ്യ) രണ്ടു പ്രാവശ്യം വിപുലമായ യാത്ര നടത്തിയിട്ടുണ്ട്.[40] അഞ്ചു ദിവസങ്ങൾക്ക് മുൻപ് നാടകീയമായി അവൻ യെരുശലേമിൽ എത്തിയതും–യെഹൂദാധികാരികളുമായി ഉടക്കിയതും – ശ്രദ്ധിക്കപ്പെടാതിരിപ്പാൻ വഴിയില്ല. തലേ രാത്രി, യേശുവിനെ അറസ്റ്റ് ചെയ്യുവാൻ സഹായിച്ചവരിൽ പിലാത്തൊസിന്റെ അധീനതയിലുള്ള പടയാളികളുമുണ്ടായിരുന്നു. "ആരാണ് ഈ മനുഷ്യൻ?" എന്ന ചിന്ത ആ ഉദ്യോഗസ്ഥനിൽ കൂടെ കടന്നുപോയതു എനിക്ക് ഊഹിക്കുവാൻ കഴിയും.

അദ്ധ്യക്ഷന്മാർ പിലാത്തൊസിന്റെ മുമ്പിൽ യേശുവിൽ മൂന്നു കുറ്റമായിരുന്നു ചുമത്തിയത്: "ഇവൻ ഞങ്ങളുടെ ജാതിയെ മറിച്ചുകളകയും താൻ ക്രിസ്തു എന്ന രാജാവാകുന്നു എന്നു പറഞ്ഞുകൊണ്ട്, കൈസർക്ക് കരം കൊടുക്കുന്നത് വിരോധിക്കയും ചെയ്യുന്നതായി ഞങ്ങൾ കണ്ടു" (ലൂക്കൊസ് 23:2). പരാതികളിൽ ഒന്നാമത്തേത് പൊള്ളയായിരുന്നു, രണ്ടാമത്തേത് അവാസ്തവമായിരുന്നു (മത്തായി 22:17–21), മൂന്നാമത്തേത് തെറ്റിദ്ധരിപ്പിക്കുന്നതുമായിരുന്നു. യേശു രാജാവായിരുന്നു (മത്തായി 2:2; 21:5; 27:11), എന്നാൽ രാഷ്ട്രീയമായിരുന്നില്ല. ആ കെട്ടിച്ചമച്ച കുറ്റങ്ങളിൽ പ്രതിരോധിക്കുവാൻ യേശു ഒരു ശ്രമവും നടത്തിയില്ല – അതു നാടുവാഴിയെ അത്ഭുതപ്പെടുത്തി (മത്തായി 27:12–14; മർക്കൊസ് 15:4, 5; യെശയ്യാവ് 53:7 നോക്കുക).

പിലാത്തൊസ് തന്റെ ഇരിപ്പിടത്തിൽ പോയി ഇരിക്കുകയും യേശുവിനെ അവന്റെ മുൻപിലേക്ക് കൊണ്ടുപോകയും ചെയ്തു (യോഹന്നാൻ 18:33). ആരോപിക്കപ്പെട്ട രീതിയിൽ അവൻ രാജാവാണെന്ന് അവകാശപ്പെട്ടോ എന്നറിയുവാനായിരുന്നു പിലാത്തൊസ് ആഗ്രഹിച്ചത് പിലാത്തൊസ് ചോദിച്ചു, "നീ യെഹൂദന്മാരുടെ രാജാവോ?" (മത്തായി 27:11; യോഹന്നാൻ 18:33 നോക്കുക). ക്രിസ്തു അതിന് തറപ്പിച്ചു പറഞ്ഞു, "ഞാൻ ആകുന്നു" (മത്തായി 27:11; മർക്കൊസ് 15:2; 1 തിമൊഥെയൊസ് 6:13 നോക്കുക).[41]

യേശു പിന്നെ പിലാത്തൊസിനോട് ഒരു ചോദ്യം ചോദിച്ചു, "ഇതു നീ സ്വയമായി പറയുന്നതോ മറ്റുള്ളവർ നിന്നോട് പറഞ്ഞിട്ടോ?" (യോഹന്നാൻ 18:34). കുറ്റാരോപണത്തിന്റെ ഉറവിടം പരിഗണിക്കുവാനാകാം ഒരുപക്ഷെ അവൻ നാടുവാഴിയോട് ആ ചോദ്യം ചോദിച്ചത്.[42] റോമൻ സമാധാനത്തിന് യേശു ഭീഷണി ആയിരുന്നോ ഇല്ലയോ എന്ന് അറിയാവുന്ന വ്യക്തിയായിരുന്നു നാടുവാഴി. നേരെ മറിച്ച്, ആരോപണം യെഹൂദാദ്ധ്യക്ഷന്മാരിൽ നിന്നാണെങ്കിൽ സംശയിക്കേണ്ടതാണ്. റോമാ സാമ്രാജ്യത്തിന്റെ ക്ഷേമമായിരുന്നില്ല ന്യായാധിപസഭയുടെ ലക്ഷ്യം.

കുറ്റാരോപണം വന്നത് യെഹൂദന്മാരിൽനിന്നായിരുന്നു എന്ന് നാടുവാഴി മനസിലാക്കിയിരുന്നു, അവരെ പ്രകോപിപ്പിക്കുവാൻ യേശു എന്താണ് ചെയ്തതെന്ന് വിശദമാക്കുവാനായിരുന്നു നാടുവാഴി ആവശ്യപ്പെട്ടത് (യോഹന്നാൻ 18:35). ക്രിസ്തു അതിന് ഉത്തരം പറഞ്ഞു, എന്നാൽ ആ റോമൻ ഉദ്യോഗസ്ഥൻ മനസിലാക്കേണ്ട വിധത്തിലായിരുന്നില്ല. അവൻ പറ

ഞ്ഞു, "എന്റെ രാജ്യം ഐഹികമല്ല." (യോഹന്നാൻ 18:36). പ്രശ്നത്തിന്റെ മുഖ്യകാരണം അതായിരുന്നു. യെഹൂദന്മാർ വിചാരിച്ചതുപോലെ, രാഷ്ട്രീയമായി, വാൾ–വീശുന്ന "ഈ ലോകത്തിന്റെ" രാജാവായി അവൻ തീർന്നില്ല, അതുകൊണ്ട് അവർ അവനെ തള്ളിക്കളഞ്ഞു (മത്തായി 21:42).

തന്റെ രാജ്യം "ഈ ലോകപ്രകാരം ഉള്ളതല്ല" എന്നതിന് യേശു തെളിവ് നല്കി: "എന്റെ രാജ്യം ഈ ലോകപ്രകാരമുള്ളതായിരുന്നു എങ്കിൽ, എന്നെ യെഹൂദന്മാരുടെ കയ്യിൽ ഏല്പിക്കാതവണ്ണം എന്റെ ചേവകർ പോരാടുമായിരുന്നു, എന്നാൽ എന്റെ രാജ്യം ഐഹികമല്ല" (യോഹന്നാൻ 18:36).[43] ഭ്രമിച്ചുകൊണ്ട് പിലാത്തൊസ് വീണ്ടും ചോദിച്ചു, "എന്നാൽ നീ രാജാവ് തന്നെയല്ലൊ?" (യോഹന്നാൻ 18:37). ക്രിസ്തു അതിനു മറുപടി പറഞ്ഞു, "നീ പറഞ്ഞതുപോലെ ഞാൻ രാജാവ് തന്നെ. സത്യത്തിന് സാക്ഷി നിൽക്കേണ്ടതിനു ഞാൻ ജനിച്ചു. അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. സത്യതൽപരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു" (യോഹന്നാൻ 18:37).

ന്യായാധിപന്റേയും കുറ്റം ചുമത്തപ്പെട്ട പിലാത്തൊസിനോടുള്ള യേശുവിന്റെ *പ്രസംഗവും* തമ്മിലുള്ള ആശയവിനിമയത്തെ ഒന്നു ചിന്തിക്കുക: താൻ ആരാണെന്ന് പരിഗണിച്ച് പിലാത്തൊസിന് ജീവിതം മാറ്റുവാനും രക്ഷിക്കപ്പെടുവാനും അവസരമൊരുക്കുന്നു. ഖേദമെന്ന് പറയട്ടെ, ലോകപ്രകാരം ബുദ്ധിയുള്ള നാടുവാഴി പ്രതികരിച്ചു, "സത്യം എന്നാൽ എന്ത്?" എന്ന് ചോദിച്ചുകൊണ്ട് പോയി[44] (യോഹന്നാൻ 18:38). ഫ്രാൻസിസ് ബേക്കൺ എഴുതി, "പരിഹാസ്യനായ പിലാത്തൊസ് സത്യം എന്നാൽ എന്ത്? എന്ന് ചോദിച്ചിട്ട് ഉത്തരത്തിനായി കാത്തുനില്ക്കാതെ പോയി."[45]

യേശു ആരാണെന്ന് പിലാത്തൊസിന് മനസിലായില്ല, എന്നാൽ അവൻ മരണയോഗ്യമായ ഒന്നും ചെയ്തിട്ടില്ല എന്ന് അവന് മനസിലായി. നാടുവാഴി വിധി പ്രസ്താവിക്കുവാനായി പോയി: "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല'' (യോഹന്നാൻ 18:38). തന്റെ വിധി യെഹൂദന്മാരെ ശാന്തരാക്കുമെന്ന് നാടുവാഴി കരുതിയെങ്കിൽ, അവനു തെറ്റിപ്പോയി. അവരുടെ ശബ്ദം ഇരട്ടി രൂക്ഷമായി വിപ്ലവമെന്ന കുറ്റം അവർ അത്യുച്ചത്തിൽ മുഴക്കുവാൻ തുടങ്ങി: "അവൻ ഗലീലയിൽ തുടങ്ങി യെഹൂദ്യയിലെങ്ങും ഇവിടത്തോളവും പഠിപ്പിച്ച് ജനത്തെ കലഹിപ്പിക്കുന്നു എന്നു നിഷ്ക്കർഷിച്ചു പറഞ്ഞു" (ലൂക്കൊസ് 23:5).

അവരുടെ ഒച്ചപ്പാട് പിലാത്തൊസിനെ പ്രതിസന്ധിയിലാക്കി. ഒരുവശത്ത്, യേശു "കുറ്റക്കാരനല്ല" എന്ന് അവൻ പ്രഖ്യാപിച്ചു, അതുകൊണ്ട് അവനെ ഉടനെ വിട്ടയക്കണമായിരുന്നു. മറുവശത്ത്, യെഹൂദന്മാരുടെ കൂടുതൽ വിരോധം സമ്പാദിക്കുവാനും അവൻ തയ്യാറായിരുന്നില്ല. പിലാത്തൊസ് ഈ കഷ്ടസ്ഥിതിയിലെത്തിയത് എങ്ങനെ എന്നറിയുന്നതിന്, ചില പശ്ചാത്തലം കൂടെ നോക്കേണ്ടതായിട്ടുണ്ട്. സമാധാനം നിലനിർത്തുക എന്നതായിരുന്നു ഒരു നാടുവാഴിയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം, പക്ഷെ യെഹൂദ്യയിലെ പിലാത്തൊസിന്റെ ഭരണസമയത്ത് അവിടെ ഏറ്റുമുട്ടലുകളും, കുഴപ്പങ്ങളും, രക്തച്ചൊരിച്ചിൽ പോലും നടന്നിരുന്നു (ലൂക്കൊസ് 13:1 നോക്കുക). മുഖ്യമായ മറ്റൊരു കുഴപ്പം കൂടെ സംഭവിച്ചാൽ അവനെ തിരികെ റോമിലേക്ക് വിളിക്കും. അതുകൊണ്ട് സന്ദർഭോചിതമായി പിലാത്തൊസിന് – കഴിയുമെങ്കിൽ യെഹൂദന്മാരെ പ്രസാദിപ്പിക്കേണ്ടിയിരുന്നു.

യേശുവിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുവാനും, അതിൽ ഉറച്ച്

നില്ക്കുവാനും പിലാത്തൊസിന് വിഷമം നേരിട്ടത് ആദ്യമോ അല്ലെങ്കിൽ അവസാനമോ ആയിരുന്നില്ല. ഇന്ന് കർത്താവിന് വേണ്ടി ജീവിക്കണമെന്ന് അറിയാവുന്ന പലരും ശരിയായതു ചെയ്യുവാൻ അധൈര്യം അവരെ അനുവദിക്കുന്നില്ല. കുടംബത്തിന്റേയോ, അല്ലെങ്കിൽ സ്നേഹിതരുടേയോ, സഹപ്രവർത്തകരുടേയോ വിരോധം സമ്പാദിക്കുവാൻ അവർ തയ്യാറല്ല. ഏലിയാവ് ഇന്ന് ജീവിച്ചിരുന്നെങ്കിൽ അങ്ങനെ ഭയപ്പെട്ട് കഴിയുന്നവർക്ക് ഈ വെല്ലുവിളി നൽകുമായിരുന്നു: "നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വെക്കും?" (1 രാജാക്കന്മാർ 18:21 നോക്കുക).

യേശു "ഗലീലയിൽ തുടങ്ങി" ആളുകളെ ഇളക്കിക്കൊണ്ടിരുന്നു എന്നാണ് അദ്ധ്യക്ഷന്മാർ സൂചിപ്പിച്ചത് (ലൂക്കൊസ് 23:5). ഇതു കേട്ടപ്പോൾ, തന്റെ കഷ്ടസ്ഥിതിക്ക് ഒരു പരിഹാരമായി എന്ന് പിലാത്തൊസ് വിചാരിച്ചു കാണും. "അവൻ ഗലീലക്കാരനോ എന്ന് ചോദിക്കയുണ്ടായി. ആണെന്നറിഞ്ഞപ്പോൾ [ലൂക്കൊസ് 3:1], അപ്പോൾ യെരുശലേമിലുണ്ടായിരുന്ന ഹെരോദാവിന്റെ പ്രവിശ്യയിൽ പെട്ട കേസാണെന്ന് അവൻ കരുതി, അവനെ ഹെരോദാവിന്റെ അടുക്കലേക്ക് അയച്ചു" (ലൂക്കൊസ് 23:6, 7). എങ്ങനെയായാലും, നാം കാണുവാനിരിക്കുന്നതുപോലെ, പിലാത്തൊസ് തന്റെ പ്രശ്നം പരിഹരിക്കാതെ, വെറുതെ നീട്ടിക്കൊണ്ടുപോയി. "യേശുവിനെ ഞാൻ എന്തു ചെയ്യും?" എന്ന ചോദ്യത്തിൽ നിന്നു രക്ഷപ്പെടുവാൻ മാർഗമില്ല.

**ഉപസംഹാരം**

ഈ പാഠത്തിന്റെ രണ്ടാം പാദത്തിൽ നാം യേശുവിന്റെ റോമൻ വിചാരണയെ കുറിച്ച് പഠിക്കും, എന്നാൽ യേശുവിനെ കണ്ടുമുട്ടുന്ന ഏതൊരാളും അവനെ എന്തു ചെയ്യുമെന്ന് തീരുമാനം എടുക്കണം എന്നതിന് ആവശ്യമായതെല്ലാം നാം പഠിച്ചു കഴിഞ്ഞു. നാം അവസാനിപ്പിക്കുമ്പോൾ, നിങ്ങളും ഒരു തീരുമാനം എടുക്കണം എന്ന് ഞാൻ നിർദ്ദേശിക്കട്ടെ. വളരെക്കാലം മുമ്പ് യേശു പിലാത്തൊസിന്റെ മുമ്പിൽ നിന്നു – നാം അവന്റെ ജീവിതത്തെ കുറിച്ച് പഠിച്ചപ്പോൾ, ഫലത്തിൽ, നിങ്ങളും അവന്റെ മുമ്പിൽ നിന്നിരുന്നു. "ഞാൻ യേശുവിനെ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് *ഇപ്പോൾ നിങ്ങൾ* ഉത്തരം നൽകണം.

യേശുവിനെ നിങ്ങൾ എന്തു ചെയ്യും?
എന്ന ചോദ്യം നിങ്ങളിലേക്ക് വരുന്നു!
ഒരു ഉത്തരം നിങ്ങൾ നൽകണം,
കാരണം എന്തെങ്കിലും നിങ്ങൾ ചെയ്തേ മതിയാകൂ.

"നിങ്ങൾ യേശുവിനെ എന്തു ചെയ്യും?"
അതു പകലും രാവും വരുന്നു;
ആണിപ്പാടുള്ള കരങ്ങൾ ഉയർത്തി,
അവൻ കാത്തിരിക്കുന്നു [;] നിങ്ങൾ എന്തു പറയും?

അതെന്തായിരിക്കും?
അതെന്തായിരിക്കും?
നിങ്ങളുടെ ഉത്തരം എന്തായിരിക്കും?

നിങ്ങൾ യേശുവിനെ എന്തു ചെയ്യും?
ഓ, നിങ്ങളുടെ ഉത്തരം എന്തായിരിക്കും?[47]

**പ്രസംഗക്കുറിപ്പുകൾ**

ഈ രണ്ടു–ഭാഗമുള്ള പാഠത്തോടനുബന്ധിച്ച് "യേശുവിനെ നീ എന്തു ചെയ്യും?" എന്ന പാട്ട് നിങ്ങൾക്ക് അറിയാമെങ്കിൽ പാടാവുന്നതാണ്. ഇതേ പോലെയുള്ള ഒരു സമീപനം വില്യം ബാനോസ്ക്കിയുടെ "ദ ഇൻ എസ്കേപ്പബിൾ ക്രൈസ്റ്റ്" എന്ന പ്രസംഗത്തിലുണ്ട്, അതിൽ "ക്രൂശിനെ സംബന്ധിച്ച തീരുമാനങ്ങളാണ്." സത്യം അല്ലെങ്കിൽ പാരമ്പര്യം, ക്രിസ്തു അല്ലെങ്കിൽ പുരുഷാരം, മനസാക്ഷി അല്ലെങ്കിൽ കൈസർ, ദൈവം അല്ലെങ്കിൽ സ്വയം, ഏറ്റു പറയുക അല്ലെങ്കിൽ ക്രൂശിക്കുക.[48]

ഈ രണ്ടു–ഭാഗമുള്ള പാഠത്തിൽ "*നിങ്ങളുടെ* വിധി എന്താണ്?" എന്നതു പിൻ–തുടർച്ചാ പഠനത്തിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. നിങ്ങൾ ഈ പാഠം രണ്ടു ക്ലാസ് കൊണ്ടു തീർക്കുവാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ, പിൻ–തുടർച്ചാ പ്രസംഗം വേറെ നടത്തേണ്ടി വരും. ഈ പാഠത്തിലും അടുത്ത അവതരണത്തിലും വരുന്ന കുറിപ്പുകളിൽ അതിനു വേണ്ട ധാരാളം ആശയങ്ങളുണ്ട്.

പല പ്രസംഗങ്ങൾക്കുള്ള അടിസ്ഥാനമായി പത്രൊസ് യേശുവിനെ തള്ളി പറഞ്ഞ വിവരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഒരു നിരീക്ഷണം നടത്തിയതനുസരിച്ച്, ബൈബിൾ വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട ഒരു സംഭവമാണിത്. അവൻ കർത്താവിനെ തള്ളിപ്പറയുന്നതിലേക്ക്, പത്രൊസിന്റെ കാലടികൾ താഴോട്ട് എടുത്തു വെക്കുന്ന ഒരു ഹൊമിലെറ്റിക് സമീപനം ഈ സംഭവത്തിന് എടുക്കാം; അവൻ യഥാസ്ഥാനപ്പെടുമ്പോൾ അതിന് വിപരീതമായി അവന്റെ കാലടികൾ മുകളിലേക്ക് എടുത്തുവെക്കുന്നതും കാണിക്കാം. പത്രൊസിന്റെ തള്ളിപ്പറയലും യൂദായുടെ ഒറ്റിക്കൊടുക്കലും തമ്മിൽ താരതമ്യം ചെയ്യുന്നതാണ് ഈ സംഭവത്തിന്റെ മറ്റൊരു സമീപനം. പത്രൊസിന്റെ മാനസാന്തരവും (രക്ഷക്കു കാരണമായി), യൂദായുടെ മനസാക്ഷിക്കുത്തു വിപരീത ഫലമാണുണ്ടാക്കുന്നത് (അത് അവനെ ആത്മഹത്യയിലേക്ക് നയിച്ചു).

നമ്മുടെ ഈ പഠനത്തിൽ നിന്ന് ധാരാളം ചേർച്ചയുള്ള പ്രസംഗങ്ങളുടെ അടിസ്ഥാനമായി ഉപയോഗിക്കാവുന്നതാണ്. "പിശാചിനാലുള്ള തീ കായൽ" (മർക്കൊസ് 14:54; നമ്മെ പരീക്ഷിക്കയും പരിശോധിക്കയും ചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞു മാറുന്നതിൽ പരാജയപ്പെടൽ). "നിന്റെ ഉച്ചാരണം നിന്നെ വെളിവാക്കുന്നു" (മത്തായി 26:73; നാവ്); "യേശു എന്തിനാണ് ലോകത്തിലേക്ക് വന്നത്?" (യോഹന്നാൻ 18:37; മത്തായി 5:17; 9:12, 13; 10:34; മർക്കൊസ് 10:45; ലൂക്കൊസ് 19:10; യോഹന്നാൻ 6:38; 10:10; 12:27, 28, 46, 47); "സത്യം എന്നാൽ എന്ത്?" (യോഹന്നാൻ 18:38; തള്ളിപ്പറയൽ, അങ്ങനെ സംഭവിക്കുമെന്ന് യേശു പറഞ്ഞു എങ്കിലും, അതു സത്യത്തെ തടുക്കലാണ് [യോഹന്നാൻ 17:17 നോക്കുക]). ഇത് എടുത്ത് പത്രൊസിന്റെ സ്വഭാവത്തെ കുറിച്ചും ഒരു പഠനം നടത്താം.

**ഹന്നാവും കയ്യഫാവും**

"റോമൻ അധികാരികളെ സ്വാധീനിച്ച് ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാനും നീക്കം ചെയ്യുവാനും യെഹൂദ മഹാപുരോഹിതന്മാർക്ക് കഴിഞ്ഞിരുന്നു. ഹന്നാവ് ഏ. ഡി. 7 മുതൽ 14 വരെ മഹാപുരോഹിതനായിരുന്നു,

സ്ഥാനഭ്രഷ്ടനായ ശേഷവും ശ്രദ്ധേയ സ്വാധീനമായിരുന്നു അവൻ ചെലുത്തിയിരുന്നത്. വളരെ വേഗത്തിൽ അവന്റെ ഒരു മകനെ മഹാപുരോഹിതനാക്കുവാനും അവന് കഴിഞ്ഞിരുന്നു, കുറച്ചുകൂടെ കഴിഞ്ഞശേഷം അവന്റെ മരു–മക–നായ കയ്യഫാവിനെയും മഹാപുരോഹിതനാക്കി, ഈ സമയത്ത് അവനായിരുന്നു മഹാപുരോഹിതൻ. പിന്നീട് വ്യത്യസ്ത സമയങ്ങളിൽ അവന്റെ നാല് പുത്രന്മാർ മഹാപുരോഹിതന്മാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കയ്യഫാവ് മഹാപുരോഹിതനായിരുന്നപ്പോഴും, ഹന്നാവിനെയും മഹാപുരോഹിതൻ എന്നു തന്നെയാണ് വിളിച്ചിരുന്നത്. അതുകൊണ്ട് [യോഹന്നാൻ 18:19–ൽ] യോഹന്നാൻ സൂചിപ്പിച്ചത് ഒരുപക്ഷെ കയ്യഫാവിന് പകരം ഹന്നാവിനെ ആയിരിക്കാം. അവരെ രണ്ടുപേരെയും തീർച്ചയായും മഹാപുരോഹിതന്മാരായിട്ടാണ് പ്രവൃത്തികൾ 4:6 ലും ലൂക്കൊസ് 3:2 ലും പറഞ്ഞിരിക്കുന്നത്. ഇതിനർത്ഥം ഒരുപക്ഷെ കയ്യഫാവ് പന്ത്രണ്ട് വർഷം മഹാപുരോഹിതസ്ഥാനം അലങ്കരിച്ചപ്പോൾ, പുറമെയുള്ള പ്രവർത്തനങ്ങളെല്ലാം നടത്തിയപ്പോഴും, ഔദ്യോഗിക നയരൂപീകരണവും തീരമാനങ്ങളെടുക്കലും ഹന്നാവായിരുന്നേക്കാം നടത്തിയിരുന്നത്."

എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്
ജോൺ ഫ്രാങ്ക്ലിൻ കാർട്ടൻ

---

കുറിപ്പുകൾ

[1]ഈ പാഠത്തിന്റെ പ്രാധാന്യമനുസരിച്ച്, അത് രണ്ടു ഭാഗങ്ങളായി എടുക്കും. അടിയന്തിരമാണെങ്കിൽ അതു നാല്പത്–ആഴ്ച്ച കൊണ്ട് തീർക്കാവുന്നതാക്കുക, നിങ്ങൾക്ക് ആ രണ്ട് ഭാഗങ്ങളും യോജിപ്പിച്ച് ഒതുക്കിയെടുക്കാവുന്നതാണ്. സമയം പ്രശ്നമല്ലെങ്കിൽ നിങ്ങൾക്ക് തുടർച്ചയായ രണ്ട് ക്ലാസുകളിൽ എടുക്കാം. [2]"കർത്താവിനെ വില്ക്കുന്നത്" സൂചിപ്പിക്കുന്നത് മറ്റെന്തിനെങ്കിലും യേശുവിനേക്കാളും (വില) അവന്റെ ഇഷ്ടത്തേക്കാളും കൂടുതൽ പ്രാധാന്യം കൊടുക്കുന്നതിനെയാണ്. അമേരിക്കയിൽ അതേപോലെയുള്ള പ്രയോഗമാണ് "സെല്ലിങ്ങ് ഔട്ട് സംവൺ." അത് ഒറ്റിക്കൊടുക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. [3]യോഹന്നാൻ 18:15–18 ൽ പേർ പറഞ്ഞിട്ടില്ലാത്ത ശിഷ്യൻ യോഹന്നാൻ ആണെന്ന് കരുതപ്പെടുന്നു. [4]പത്രൊസ് "അകലെ" പോകരുതായിരുന്നു എന്ന് പ്രസംഗിക്കുന്നവരായ നാം ചിന്തിക്കും. പത്രൊസ് അവരെ പിൻപറ്റുക തന്നെ ചെയ്യരുതായിരുന്നു. തന്നെ പിടിക്കുന്നവരിൽനിന്ന് അകന്നു നില്ക്കുവാനായിരുന്നു യേശു സൂചിപ്പിച്ചത് (യോഹന്നാൻ 18:8). [5]അവന് മഹാപുരോഹിതനെ പരിചയമുണ്ടായിരുന്നു എന്നാണ് യോഹന്നാൻ 18:15 പറയുന്നത്, വാക്യം 16 ൽ അവന്റെ ഭവനക്കാരെയും പരിചയമുണ്ടായിരുന്നതായി പറയുന്നു. യോഹന്നാന് വ്യാപാര ബന്ധത്തിലാകാം മഹാപുരോഹിതന്റെ ഭവനവുമായി പരിചയമുള്ളത്. (മുൻപ് യോഹന്നാനായിരിക്കാം അവർക്ക് പുതിയ മൽസ്യം കൊണ്ടു കൊടുത്തിരുന്നത്) പ്രവൃത്തികൾ 4:5–7, 13 ലും കയ്യഫാവിന് യോഹന്നാന്റെ പശ്ചാത്തലത്തെ കുറിച്ച് അറിവുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. [6]പത്രൊസ് മുറ്റത്ത് പോയി തീ കാഞ്ഞുകൊണ്ടിരുന്നപ്പോൾ യോഹന്നാന് എന്തു സംഭവിച്ചു? ആ ഭവനത്തിലുള്ളവർക്ക് അവനെ അറിയാമായിരുന്നതുകൊണ്ട് അവനെ അകത്തേക്ക് പ്രവേശിപ്പിച്ചേക്കാം. അല്ലെങ്കിൽ അപകടസാധ്യതയറിഞ്ഞ് അവൻ സ്ഥലം വിട്ടേക്കാം. [7]യോഹന്നാൻ 18:25 പറയുന്നത് "പത്രൊസ് തീ കാഞ്ഞുകൊണ്ട് നിന്നിരുന്നു" എന്നാണ്. കുറെ സമയം അവൻ തീ കാഞ്ഞുകൊണ്ടിരിക്കുകയും പിന്നെ കുറെ സമയം തീ കാഞ്ഞ്

നില്ക്കുകയും ചെയ്തിരിക്കാം. [8]മർക്കൊസിന്റെ വിവരമനുസരിച്ച്, യേശു പറഞ്ഞത് "കോഴി *രണ്ടു വട്ടം* കൂകുന്നതിനു മുമ്പ്" എന്നാണ് (മർക്കൊസ് 14:30; എംഫസിസ് മൈൻ). മറ്റു സുവിശേഷ വിവരണങ്ങളിലെ കൂകൽ സ്പഷ്ടമായും രണ്ടാമത്തേതായിരിക്കും, വൈപരീത്യമില്ല. [9]തള്ളിപ്പറയലിന്റെ കൃത്യമായ ക്രമം നമുക്ക് അറിയില്ല. ആ സംഭവത്തെ ക്രമീകരിക്കുന്ന ഒരു രീതിയാണ് പിൻവരുന്ന പ്രസ്താവന. ആ തള്ളിപ്പറയലുകളെ കുറിച്ച് ഓരോ സുവിശേഷവിവരണത്തിലും പറയുന്നുണ്ട്, പക്ഷെ എല്ലാം ഒരേ തള്ളിപ്പറയലിനെ അല്ല പറയുന്നത്. ഒരുപക്ഷെ ആ ചുരുങ്ങിയ സമയത്തിനുള്ളിൽ പല തള്ളിപ്പറയലകൾ നടന്നേക്കാം, അവ ഒറ്റ തള്ളിപ്പറയലായി കണക്കാക്കുവാനും കഴിയും. [10]ഒരുപക്ഷെ അതു മേൽക്കൂരയുടെ തൂങ്ങി നിൽക്കുന്ന ഭാഗമായിരിക്കാം.

[11]മർക്കൊസ് 14:68ന്റെ അവസാനം, പിന്നീട് വന്ന ചില കയ്യെഴുത്ത് പ്രതികളിൽ "അപ്പോൾ കോഴി കൂകുകയും ചെയ്തു" എന്ന പദപ്രയോഗം ചേർത്തിട്ടുണ്ട്. പത്രൊസിന്റെ അഗ്നിപരീക്ഷക്കിടയിൽ എപ്പോഴോ ഒരു കോഴി ആദ്യമായി കൂകിയിരിക്കാം (മർക്കൊസ് 14:72 നോക്കുക). [12]"ആണ" എന്ന് അവിടെ പറഞ്ഞിരിക്കുന്നത് ഒരുപക്ഷെ നാം പ്രതിജ്ഞ എന്നു പറയുന്നതായിരിക്കയില്ല, മറിച്ച് യെഹൂദന്മാർ ഔപചാരികമായി ഉറപ്പിച്ചു പറയുന്ന ആണയായിരിക്കാം. താൻ പറയുന്നത് സത്യമാണെന്ന് ആണയാൽ ഉറപ്പിക്കയായിരുന്നു. [13]സാത്താൻ അവനെ തുടർച്ചയായി "പാറ്റി" ക്കൊണ്ടിരുന്നു (ഈ പുസ്തകത്തിൽ ആദ്യം വന്ന "ഒരിക്കലും മറക്കാനാകാത്ത രാത്രി" എന്ന പാഠത്തിലെ ലൂക്കൊസ് 22:31 നെ കുറിച്ചുള്ള പരാമർശം നോക്കുക). [14]"ഉടനെ കോഴി *രണ്ടാമതും* കൂകി" എന്നാണ് മർക്കൊസിൽ (മർക്കൊസ് 14:72; എംഫസിസ് മൈൻ). [15]"കോഴി രണ്ടു വട്ടം കൂകുന്നതിന് മുമ്പ് ..." എന്നാണ് മർക്കൊസ് 14:72–ൽ. [16]കർത്താവിനെ തള്ളിപ്പറയുന്നതിനെ കുറിച്ച് മത്തായി 10:33 ഉം 2 തിമൊഥെയൊസ് 2:12 ഉം നോക്കുക. [17]ഈ പുസ്തകത്തിൽ അവസാനം വരുന്ന "നിങ്ങളുടെ വിധി എന്താണ്?" എന്ന പാഠത്തിലെ യേശുവിന്റെ വിചാരണകളെ കുറിച്ചുള്ള പ്രസംഗം നോക്കുക. [18]മഹാപുരോഹിതന്റെ താമസസ്ഥലത്തിൽനിന്ന് അല്പം അകലെ ആയിരുന്നു കൗൺസിൽ ചേമ്പർ, രാത്രി യിലെ സെഷനു ശേഷം യേശുവിനെ അവിടേക്ക് കൊണ്ടുപോകേണ്ടതുണ്ടായിരുന്നു. എങ്ങനെയായാലും, ചേമ്പർ എവിടെയായിരുന്നു എന്നതിനെ കുറിച്ച് വിയോജിപ്പുണ്ട്. മുൻപ്, പലരും വിചാരിച്ചിരുന്നത് അത് ദൈവാലയ സമുച്ചയത്തിൽ, സ്ത്രീകളുടെ പ്രാകാരത്തിനടുത്തായിരുന്നു എന്നാണ് (ക്രിസ്തുവിന്റെ ജീവിതം, 1 ലെ ദൈവാലയചിത്രം നോക്കുക), എന്നാൽ ഇപ്പോൾ ചിലർ വിശ്വസിക്കുന്നത് അത് ദൈവാലയസമുച്ചയത്തിനു പുറത്തായിരുന്നു എന്നാണ്. [19]ന്യായാധിപസഭ ഒക്കെയും സന്നിഹിതരായിരുന്നതായി മർക്കൊസ് ശ്രദ്ധിച്ചു (മർക്കൊസ് 15:1), അതിൽ നിക്കൊദേമൊസും അരിമഥ്യക്കാരനായ യോസേഫും ഉൾപ്പെട്ടിരിക്കണം (യോഹന്നാൻ 7:50; ലൂക്കൊസ് 23:50, 51). അവർ രണ്ടു പേരും ഉണ്ടായിരുന്നു എങ്കിൽ, അതിനെ എതിർക്കുവാൻ അവർക്ക് അവസരം ലഭിച്ചിരുന്നോ, അല്ലെങ്കിൽ അവർക്ക് അഭിപ്രായം പറയാൻ അനുവദിക്കാതെ പെട്ടെന്ന് കാര്യങ്ങൾ പെട്ടെന്ന് തീരുമാനിക്കപ്പെട്ടോ? നമ്മോട് പറഞ്ഞിട്ടില്ല. [20]പഴയനിയമത്തിൽ മശിഹയെ കുറിച്ച് പറയുന്നതിനെ സംബന്ധിച്ച് അവന് ചോദ്യങ്ങൾ ചോദിക്കാമായിരുന്നു, കൂടാതെ, അവന്റെ ജീവിതവും ശുശ്രൂഷയും തന്നെ എങ്ങനെ ആ പ്രവചനങ്ങൾ നിറവേറുന്നതായി എന്നും ചോദിക്കാമായിരുന്നു. എങ്ങനെയായാലും, അവർ അതിനൊന്നും ഉത്തരം നൽകുകയില്ല എന്ന് അവന്, അറിയാമായിരുന്നു. (മത്തായി 22:41–46).

[21]പാഠത്തിലെ, മത്തായി 26:64 ന്റെ കുറിപ്പുകൾ നോക്കുക. [22]ഗ്രീക്ക് വേദപുസ്തകത്തിൽ "ഞാൻ ആകുന്നു എന്ന് നീ പറയുന്നു" എന്നാണ്എബ്രായ പ്രയോഗം ഉറപ്പിക്കുന്നതായിട്ടാണ് സൂചിപ്പിക്കുന്നത്. [23]ന്യായാധിപസംഘത്തിലെ അംഗങ്ങൾ ഗൗരവത്തിലായിരുന്നു, എന്നാൽ അവരുടെ പ്രസ്താവനയിൽ ഒരു ഹാസ്യം കിടന്നിരുന്നു: അവർക്ക്

സാക്ഷികൾ *ഒന്നും* ഇല്ലായിരുന്നു. യേശു സാക്ഷ്യപ്പെടുത്തിയില്ലായിരുന്നെങ്കിൽ, ആ പ്രഭാതത്തിൽ ഒരു സാക്ഷ്യവും ഉണ്ടാകുമായിരുന്നില്ല. [24]ഈ സമയത്ത് ആ സംഭവത്തിൽ പറഞ്ഞിട്ടില്ലെങ്കിലും, ഒരു രാഷ്ട്രീയ കുറ്റം മെനയേണ്ടത് അവർക്ക് മുഖ്യമായി തോന്നിയിരിക്കാം. യേശുവിനെ പിലാത്തൊസിന്റെ അടുക്കലെത്തിക്കുവാൻ അവർക്ക് അത് അനിവാര്യമായിരുന്നു. [25]പിന്നീട്, അവർ സ്തെഫാനൊസിനെ നിയമവിരുദ്ധമായിട്ടായിരുന്നു കല്ലെറിഞ്ഞു കൊന്നത് (പ്രവൃത്തികൾ 6:8–7:60), എന്നാൽ യേശുവിന്റെ കാര്യത്തിൽ, പ്രത്യക്ഷത്തിൽ നിയമപരമെന്ന് തോന്നിപ്പിക്കുവാൻ ആഗ്രഹിച്ചു. [26]യേശുവിന്റെ മരണശിക്ഷ ന്യായാധിപസഭ ആദ്യം ഉറപ്പിച്ച ഉടനെ യൂദായുടെ ആത്മഹത്യ നടന്നതായിട്ടാണ് ചില ഹാർമണികളിലുള്ളത്, കാരണം മത്തായി അവിടെയാണ് അതു പറഞ്ഞിരിക്കുന്നത് (മത്തായി 27:3–10). എങ്ങനെയായാലും, അതു പിന്നീട് സംഭവിച്ചിരിക്കുവാനാണ് സാധ്യത എന്നു സൂചിപ്പിക്കുന്നതാണ് സംഭവത്തിലെ ചില വിശദാംശങ്ങൾ. ഉദാഹരണത്തിന്, ന്യായാധിപസഭ പിന്നെ പിലാത്തൊസുമായി തർക്കിക്കുന്നതിന് പകരം ദൈവാലയത്തിലേക്ക് പോയി (വാ. 5). അതുകൊണ്ട്, എന്റെ ഹാർമണിയിൽ പിലാത്തൊസ് യേശുവിനെ മരണത്തിന് വിധിച്ച ശേഷമാണ് പറഞ്ഞിരിക്കുന്നത്. [27]പിലാത്തൊസിനെ കുറിച്ച് കൂടുതൽ അറിയുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 1* ലെ “ക്രിസ്തു വന്നതായ ലോകം” എന്ന പാഠം നോക്കുക. കൂടാതെ ഈ പുസ്തകത്തിൽ പിന്നീട് വരുന്ന പിലാത്തൊസിനെ കുറിച്ചുള്ള അനുബന്ധ ലേഖനവും നോക്കുക. [28]ലഗാർഡ് സ്മിത്ത്, *ദ നരേറ്റഡ് ബൈബിൾ ഇൻ ക്രൊണോളജിക്കൽ ഓർഡർ* (യൂജീൻ, ഒറേഗ്.:ഹാർവെസ്റ്റ് ഹൗസ് പബ്ലിഷേഴ്സ്, 1984), 1470. [29]കുറെ കഴിഞ്ഞ്, യേശുവിനെ രണ്ടു പ്രാവശ്യം പിലാത്തൊസിന്റെ മുമ്പിലും, ഒരു പ്രാവശ്യം ഹെരോദാവിന്റെ മുമ്പിലും എത്തിച്ച ശേഷം, യോഹന്നാൻ പറയുന്നു അപ്പോൾ ഏകദേശം രാവിലെ 6.00 മണിയായിരുന്നു എന്ന് (ഈ പുസ്തകത്തിൽ പിന്നീട് വരുന്നു “എല്ലാവരും ഉത്തരം പറയേണ്ട ചോദ്യം” എന്ന പാഠത്തിലെ യോഹന്നാൻ 19:14 ന്റെ കുറിപ്പുകൾ നോക്കുക). ന്യായാധിപസഭ ധൃതിപിടിച്ച് പ്രഭാതത്തിനു മുമ്പ് തന്നെ യേശുവിനെ പിലാത്തൊസിന്റെ മുമ്പിലെത്തിച്ചിരിക്കാം. [30]റോമൻ നാടുവാഴിയുടെ പാലസ്തിനിലെ ഹെഡ്ക്വാർട്ടേഴ്സ് കൈസര്യയിലായിരുന്നു (പ്രവൃത്തികൾ 23:33 നോക്കുക), എന്നാൽ യെഹൂദപെരുന്നാളിൽ ക്രമവിരുദ്ധരായ യെഹൂദന്മാരെ ശ്രദ്ധിക്കുവാൻ അവൻ യെരുശലേമിൽ വന്നിരുന്നു.

[31]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന യെരുശലേമിന്റെ ഭൂപടം നോക്കുക. കൂടാതെ പാരമ്പര്യ “ദുഃഖ വഴികളും” (വയ ഡോളോറോസാ) തുടങ്ങുന്നത് ആ സ്ഥലത്തായിരുന്നു. കാസിലിനെ കുറിച്ച് പരാമർശിച്ച്, ജോസെഫസ് പറഞ്ഞു, “അതിന്റെ മനോഹാരിതയാൽ, ഒരു കൊട്ടാരം പോലെ തോന്നും.” (ജോസെഫസ് *വാഴ്സ് ഓഫ് ദ ജൂസ്,* 5.5.8). [32]പിലാത്തൊസിന്റെ താമസസ്ഥലത്തെ കുറിച്ച് ജോൺ മെക്റേയുടെ *ആർക്കിയോളജി ആന്റ് ന്യൂടെസ്റ്റമെന്റിൽ* പരാമർശിച്ചിട്ടുണ്ട് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ ബുക്ക് ഹൗസ്, 1991), 114–19. [33]ബി. വാൻ എൽഡെറെൻ, “ഇന്റർനാഷണൽ” സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ, റെവ. ജെന. എഡി.ജെഫ്റേ ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1986), 3:929, കൂടാതെ, യെഹൂദ പെരുന്നാളുക്ൾക്കിടയിൽ കൈസര്യയിൽനിന്ന് കൂടുതൽ പടയാളികളെ യെരുശലേമിൽ കൊണ്ടുവന്നിരുന്നു. അവർ അന്റോണിയ കാസിലിനടുത്തായി തമ്പടിച്ച് ഏതു നിമിഷവും ദൈവാലയപരിസരത്ത് കുഴപ്പമുണ്ടായാൽ അത് കൈകാര്യം ചെയ്യുവാൻ തയ്യാറായിരുന്നു (പ്രവൃത്തികൾ 23:33–35 നോക്കുക). മത്തായി 27:27 അനുസരിച്ച്, “റോമാ പടയാളികൾ” “ആസ്ഥാനത്തുണ്ടായിരുന്നു” എന്നത് സൂചിപ്പിക്കുന്നത് ആസ്ഥാനം കാസിൽ അന്റോണിയയായിരുന്നു എന്നാണ്. [34]ജാതികളുടെ സ്ഥലത്ത് ചെന്നാൽ അശുദ്ധമാകുന്നതിനെ സംബന്ധിച്ച്, പ്രവൃത്തികൾ

10:28 നോക്കുക. പെരുന്നാളിന് ഒരാഴ്ച്ച മുമ്പ് പല യെഹൂദന്മാരും ശുദ്ധീകരണത്തിന് യെരുശലേമിൽ എത്തുമായിരുന്നു, അങ്ങനെ അവർക്ക് പെരുന്നാളിൽ പങ്കെടുക്കാം (യോഹന്നാൻ 11:55). “സാധാരണ'' യെഹൂദന്മാരേക്കാൾ തങ്ങൾ കുറഞ്ഞവരല്ല എന്ന് വരുത്തി തീർക്കുവാൻ അദ്ധ്യക്ഷന്മാർ ശ്രമിച്ചിരുന്നു. [35]യേശുവിന്റെ സമയമായപ്പോഴേക്ക്, “പെസഹ” “പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ” എന്നീ വാക്കുകൾ പലപ്പോഴും മാറി മാറി ഉപയോഗിച്ചിരുന്നു (ലൂക്കൊസ് 22:1 നോക്കുക). യോഹന്നാൻ 18:28–ൽ ഏതു തരം ഭക്ഷണമാണെന്ന് പ്രത്യേകം എഡർഷെയിമിൽ പറയുന്നുണ്ട് (ആൽഫ്രഡ് എഡർഷെയിം *ദ ലൈഫ് ആന്റ് ടൈംസ് ഓഫ് ജീസസ് ദ മെസയാ.* ന്യു അപ്ഡേറ്റഡ് വെർഷൻ. [പീതോഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1993] , 865–66). [36]യേശുവിന്റെ റോമൻ വിചാരണ സംഭവങ്ങളുടെ കൃത്യമായ ക്രമം നമുക്ക് അറിയില്ല. നൽകിയിരിക്കുന്ന ക്രമം സാധ്യതയുള്ളതായിട്ടാണ്. [37]ക്രിസ്തുവിന്റെ ജീവിതം, 1 ലെ “ക്രിസ്തു വന്നതായ ലോകം” എന്ന പാഠം നോക്കുക. [38]തെയോഡർ മോംസെൻ, ക്വോട്ടഡ് ഇൻ ബ്രൂസ് കോർലേ, ''ട്രയൽ ഓഫ് ജീസസ്.'' ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ഗോസ്പെൽസ്, എഡ്സ്. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill.:ഇന്റർ വാഴ്സിറ്റി പ്രസ്, 1992), 850. യോഹന്നാൻ 18:31 ലെ ഒരു യെഹൂദൻ–അല്ലാത്ത ഒരാൾ ദൈവാലയത്തിലെ വിശുദ്ധസ്ഥലത്ത് അതിക്രമിച്ചുകടന്നാലുള്ള ഒഴികഴിവിനു സാധ്യത (ജോസെഫസ് ദ വാർ ഓഫ് ദ ജ്യൂസ് 6.2.4 നോക്കുക). [39]പിലാത്തൊസിന്റെ ഭാര്യയുടെ വാക്കുകൾ (മത്തായി 27:19) യേശുവിനെ കുറിച്ച് ചില മുന്നറിവ് അന്തർലീനമായിരുന്നു എന്നത്രേ; പിലാത്തൊസിന്റെ ഭാര്യ യേശുവിനെ കുറിച്ച് കേട്ടിട്ടുണ്ടായിരുന്നെങ്കിൽ, തീർച്ചയായും അവനും കേട്ടിരിക്കും. [40]ഗലീലയിലെ യേശുവിന്റെ വിജയം ഹെരോദാവ് കേട്ടു (മത്തായി 14:1; ലൂക്കൊസ് 9:7–9). അതുപോലെ യെഹൂദ്യയിലെ യേശുവിന്റെ വിജയത്തെ കുറിച്ച് പിലാത്തൊസും കേട്ടിരിക്കും.

[41]യേശു പറഞ്ഞത്, “ആ വാക്കുകൾ നിങ്ങളാണ്, ഞാനല്ല” എന്നാണെന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ യേശു പറഞ്ഞ എബ്രായ പ്രയോഗത്തിന്റെ നിലവാരമനുസരിച്ച് “അതെ” എന്നാണർത്ഥം. [42]യോഹന്നാൻ 18:34 ലെ യേശുവിന്റെ ചോദ്യം വിവിധ വ്യാഖ്യാനങ്ങൾക്കിരയായിട്ടുണ്ട്. കൂടുതൽ സാധ്യതയുള്ളതാണ് നല്കിയിരിക്കുന്ന ഒന്ന്. [43]“എന്റെ രാജ്യം ഐഹികമല്ല [അല്ലെങ്കിൽലോകപ്രകാരം; കെജെവി]” എന്ന പ്രസ്താവന യേശു വീണ്ടും വന്ന് ഈ ഭൂമിയിൽ ഒരു രാജ്യം സ്ഥാപിക്കുമെന്ന് പഠിപ്പിക്കുന്നവരെ വിഷമിപ്പിക്കുന്നതാണ്. ഇതു വിശദമാക്കുവാൻ അവർ വളരെ പാടുപെടും. [44]പിലാത്തൊസിന്റെ ചോദ്യം “നിരാശനായ ... താല്പര്യപൂർവ്വമായ അന്വേഷണത്തോടുകൂടിയ ... പരിഹാസ്യമായ ചോദ്യമായിരുന്നു ... .” (ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് വൈ.പെൻലെറ്റൺ, ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ് [സിൻസിനാറ്റി.:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914] 707). ആ ചോദ്യം ചോദിക്കുവാൻ പിലാത്തൊസിനുണ്ടായ ചേതോവികാരം എന്തായിരുന്നാലും, അതിന് ഉത്തരം നൽകുവാൻ യോഗ്യനായവന്റെ പ്രതികരണത്തിന് അവൻ കാത്തു നിന്നില്ല (യോഹന്നാൻ 17:17 നോക്കുക). [45]ഫ്രാൻസിസ് ബേക്കൺ, “എസ്സേസ് [1625] , ഓഫ് ട്രൂത്ത്,” ക്വോട്ടഡ് ഇൻ *ബാർലെറ്റ്സ് ഫെമിലിയർ ക്വൊട്ടേഷൻസ് എക്സ്പാന്റഡ് മൾട്ടി മീഡിയ എഡിഷൻ* (ടൈം വാർനർ എലെക്ട്രോണിക് പബ്ലിഷിങ്ങ്, 1995). [46]ജോൺ റോബിൻസൺ, “വാട്ട് ഷാൽ ഇറ്റി ബി?” സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്, കോമ്പ്. ആന്റ് എഡി.ആൾട്ടൻ എച്ച്. ഹൊ വേഡ് (വെസ്റ്റ് മുൺട്രോ, ലാ.: ഹോവാഡ് പബ്ലിഷിംഗ് കംമ്പനി, 1994). [47]വില്യം എസ്സ്. ബനോസ്കി, സെർമ്മൺസ് ഓഫ് വില്യം എസ്സ്. ബനേസ്കി, ഗ്രേറ്റ് പ്രീച്ചേഴ്സ് ഓഫ് റ്റുഡേ സീരീസ്, വാല്യം. 11, എഡി. ജെ. ഡി. തോമസ് (അബിലീൻ, ടെക്റ്റ്.: ബിബ്ലിക്കൽ റിസേർച്ച് പ്രസ്സ്, 1967), 28–37.